# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1507.** 07.06.2018-ന് മറുപടിയ്ക്ക്

**<u>കോഴിക്കോട് ജില്ലയിലെ കിഫ്ബി പ്രവൃത്തികൾക്കുള്ള ഭൂമിയേറ്റെടുക്കൽ</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി. കെ. സി. മമ്മത് കോയ** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) കോഴിക്കോട് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ റോഡ് വികസന പ്രവൃത്തികളുടെ ലാന്റ് അക്വിസിഷൻ പ്രവൃത്തികൾ റവന്യൂ ലാന്റ് അക്വിസിഷൻ വിഭാഗത്തിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് പൂർത്തിയാക്കുന്നതിന് വർഷങ്ങളോളം കാത്തിരിക്കേണ്ടി വരും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) കോഴിക്കോട് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡ് വികസന പ്രവർത്തികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി നിലവിൽ അർത്ഥനകളൊന്നും അർത്ഥനാധികാരി ലഭ്യമാക്കിയിട്ടില്ല. |
| (ബി) കിഫ്ബി വഴിയുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ലാന്റ് അക്വിസിഷൻ പ്രവൃത്തികൾക്കായി ഒരു സ്പെഷ്യൽ ഓഫീസ് സംവിധാനം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) കിഫ്ബി വഴിയുള്ള പ്രവർത്തികൾക്കുള്ള അർത്ഥന ലഭ്യമാകുന്ന മുറയ്ക്ക് റവന്യൂ ലാന്റ് അക്വിസിഷൻ വിഭാഗത്തിലെ നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം സംജാതമാകുന്ന പക്ഷം പ്രത്യേക ലാന്റ് അക്വിസിഷൻ യൂണിറ്റ് രൂപീകരിക്കുകയോ, നിലവിലുള്ള യൂണിറ്റിന് അധികം ജീവനക്കാരെ നൽകിയോ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ